**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**<u>കൊല്ലം എ.ആർ. ക്യാമ്പിലെ ക്യാഷ് വിഭാഗത്തിലെ സാമ്പത്തിക തിരിമറി</u>**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.3384 | 22.08.2017-ൽ മറുപടിക്ക് |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| എ) | കൊല്ലം എ.ആർ. ക്യാമ്പിലെ ക്യാഷ് വിഭാഗം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ സാമ്പത്തിക തിരിമറി നടത്തിയെന്ന സംഭവത്തിൽ കുറ്റക്കാരായവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കരുതലുകൾ വകുപ്പ് തലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | എ) | കൊല്ലം എ.ആർ.ക്യാമ്പിലെ ക്യാഷ് വിഭാഗം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ സാമ്പത്തിക തിരിമറി നടത്തിയെന്ന സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• കാഷ്യർ ആയി ജോലി ചെയ്തിരുന്ന ശ്രീ.സുനിൽ കുമാറിനെതിരായി വാച്യാന്വേഷണം ഉത്തരവായിട്ടുണ്ട്. പി.ആർ.മിനിട്സിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ അനുവർത്തിച്ചിട്ടുണ്ട്.<br>• കാഷ്യറുടെ സഹായിയായി പ്രവർത്തിച്ചിരുന്ന എ.ആർ സി.പി.ഒ 5489 ശ്രീകുമാറിനെതിരെ അവാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.2302/15 u/s 406, 409, 380, 465, 471, 420 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ്സിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്.<br>ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ക്യാഷിന്റെ ചുമതല കാഷ്യർ തന്നെ വഹിക്ക |

| | | | |
|---|---|---|---|
| | | | ണമെന്നുള്ള കർശന ഉത്തരവ് നൽകിയിട്ടുണ്ട്. |
| ബി) | നിലവിലും പോലീസ് വകുപ്പിൽ വിവിധ സ്ഥലങ്ങളിൽ കാഷ്യർ തസ്തികയില്ലുള്ള വരല്ലാത്തവർ ക്യാഷ് ചെസ്റ്റും, ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അടിയന്തരമായി വിലക്കുമോ; വിശദവിവരം നൽകുമോ; | ബി) | കാഷ്യർ തസ്തിക നിലവിലില്ലാത്ത സ്ഥലങ്ങളിൽ സീനിയർ ക്ലാർക്ക് ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത ഉദ്യോഗസ്ഥർ ഉത്തരവാദിത്ത ബോധത്തോടു കൂടി കൃത്യനിർവ്വഹണ ത്തിലേർപ്പെടുവാൻ നിർദേശം നൽകി യിട്ടുണ്ട്. |
| സി) | കാഷ്യർ തസ്തികയില്ലുള്ളവർക്ക് മറ്റ് അധിക ചുമതലകൾ നൽകി ക്യാഷ് ചെസ്റ്റിൽ നിന്നും മാറ്റി നിയമിക്കുന്നത് കാരണം ക്യാഷ് ചെസ്റ്റ് ചുമതലക്കാര ല്ലാത്തവർ കൈകാര്യം ചെയ്യുന്ന അവസ്ഥ ഉണ്ടാക്കുന്നതിനാൽ കാഷ്യർ മാർക്ക് മറ്റ് ചുമതലകൾ നൽകാൻ പാടില്ലായെന്ന കർശന നിർദ്ദേശം ബന്ധ പ്പെട്ടവർക്ക് നൽകാമോ; ഇത്തരം നടപടി കൾ കേരള ട്രഷറി കോഡിന് വിരുദ്ധമാ ണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം ആയതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | കാഷ്യർമാർ തന്നെ ക്യാഷ് ബുക്കും ക്യാഷ് ചെസ്റ്റും കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ക്യാഷ് ചെസ്റ്റുള്ള സ്ഥലത്തുതന്നെ ഹാജർ രേഖപ്പെടുത്തുന്നു വെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ഡി) | ക്യാഷ് ചെസ്റ്റ് ഉള്ള സ്ഥലത്തു തന്നെ യാണ് ക്യാഷ്യർമാർ ഹാജർ രേഖപ്പെ ടുത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ആക്ഷേപം ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഇ) | കാഷ്യർമാർ ക്യാഷിലും, കെ.പി.ഡബ്ല്യൂ.എ. ഫണ്ടിലും സാമ്പത്തിക തിരിമറി നടത്തിയത് സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്; ഇങ്ങനെയുള്ള എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ? | ഇ) | ഇതു സംബന്ധിച്ച വിവരങ്ങൾ അനു ബന്ധമായി ചേർത്തിരിക്കുന്നു |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## തിരുവനന്തപുരം സിറ്റി

**ഗോപിക**- മ്യൂസിയം പി.എസ്.ക്രൈം നം.983/15, പി.റ്റി.സിയിൽ ക്യാഷ്യർ ആയി ജോലി നോക്കി വരവേ ക്യാഷ് ബുക്കിലും മറ്റ് അനുബന്ധ രേഖകളിലും കൃത്രിമം കാണിച്ച് സർക്കാർ പണം ബാങ്കിലടയ്ക്കാതെ (82,963/-രൂപ) അപഹരിച്ചത് സംബന്ധിച്ച് - ടി കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## കൊല്ലം സിറ്റി

**സുനിൽകുമാർ**-ടിയാൻ കൊല്ലം എ.ആർ ക്യാമ്പിൽ ക്യാഷ്യറായി ജോലി നോക്കി വരവേ സാമ്പത്തിക തിരിമറികൾ നടത്തിയത് സംബന്ധിച്ച് - വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

**സുഗതൻ**- കൊല്ലം ഈസ്റ്റ് പി.എസ്.ക്രൈം.56/08, ടിയാൻ 15.01.2008-ൽ ക്യാഷ്യറായി ജോലി നോക്കി വരവേ സാമ്പത്തിക തിരിമറികൾ നടത്തിയത് സംബന്ധിച്ച് - കേസ്സ് തുടരന്വേഷണത്തിനായി വിജിലൻസിന് കൈമാറിയിട്ടുള്ളതും ബഹു.വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കേ ടിയാൻ മരണപ്പെട്ടതിനെത്തുടർന്ന് ബഹു. കോടതി ടി കേസ്സ് Abated ആയി ഉത്തരവായിട്ടുള്ളതുമാണ്.

## പത്തനംതിട്ട

**സുരേഷ്ബാബു**- കെ.എ.പി 3-ാം ബറ്റാലിയനിൽ ക്യാഷ്യറായി ജോലി നോക്കി വരവേ സാമ്പത്തിക തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് - ടിയാൻ സസ്പെൻഷനിലായിട്ടുള്ളതും തുടർന്ന് G1/48346/17/PHQ തീയതി 14.08.2017 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുള്ളതുമാണ്.

## ക്രൈംബ്രാഞ്ച്

**ഹരീഷ് കുമാർ-**

**1) CBCID Cr.No.720/CR/EOW-1/ KLM/2012**

**2) CBCID Cr.No.721/CR/EOW-1/ KLM/2012**

ടിയാൻ Crime Branch EOW, CSO ഓഫീസിലെ ക്ലാർക്ക് ആയിരിക്കെ ക്യാഷിൽ സാമ്പത്തിക തിരിമറികൾ നടത്തിയത് സംബന്ധിച്ച് - 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിന്മേൽ അന്വേഷണം നടന്നു വരുന്നു.

**രാജഗോപാലൻനായർ**

**SGA (Rtd)- CBCID Cr.No.20/CR EOW-1/KLM/2014**

ടിയാൻ KPW & A ഫണ്ടിൽ നിന്നും 10,000/-രൂപ തിരിമറി നടത്തിയത് സംബന്ധിച്ച് - ടി കേസ്സ് ഇപ്പോൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു.

## ഇന്റലിജൻസ്

ബൈജു മാത്യു SGA ക്യാഷ്യർ ചുമതല വഹിച്ചിരുന്ന സമയത്ത് ഉദ്യോഗസ്ഥർക്ക് യഥാസമയം ലഭിക്കാനുള്ള പണം നൽകാതെ പണം നൽകിയതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ടിയാനെ ശക്തമായി താക്കീത് ചെയ്ത് നടപടി എടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**